**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 748** **14-10-2026-ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** അരുവിക്കര നിയോജക മണ്ഡലത്തിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ പാങ്കാവ് എന്ന സ്ഥലത്ത് കിഫ്ബി ഫണ്ടുപയോഗിച്ച് സ്ഥാപിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന് നിലവിൽ പുതുക്കി അനുവദിച്ച ഭരണാനുമതി തുക എത്രയാണെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ നടപടികൾ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ?

**മറുപടി:** അരുവിക്കര നിയോജക മണ്ഡലത്തിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ പാങ്കാവ് എന്ന സ്ഥലത്ത് കിഫ്ബി ഫണ്ടുപയോഗിച്ച് മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണത്തിനായി 30.05 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിനായി കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള 25 കോടി രൂപയിൽ അധികരിക്കാതെയുള്ള അടങ്കൽ തുകയിൽ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**